പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7048 — 2/11/2011-ൽ മറുപടിക്ക്

## എൻ.എസ്.എഫ്.ഡി.സി. പദ്ധതികൾ

ചോദ്യം — മറുപടി

ശ്രീ.വി.ശശി.

ശ്രീ.എ.പി അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക
സമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് എൻ.എസ്.എഫ്.-ഡി.സി.യുടെ ധനസഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശ-ദാംശം വെളിപ്പെടുത്താമോ; | (എ) | അനുബന്ധമായി (I) ചേർക്കുന്നു. |
| ബി) | കഴിഞ്ഞ സർക്കാർ നടപ്പാക്കിയ എൻ.എസ്.എഫ്.ഡി.സി.പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ചതുകയും, ഗുണഭോ-ക്താക്കളുടെ വിവരങ്ങളും, പദ്ധതി തിരിച്ചും ജില്ല തിരിച്ചും വ്യക്ത-മാക്കാമോ? | (ബി) | വിശദാംശം അനുബന്ധമായി (II) ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കോർപ്പറേഷൻ 2011-2012 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ചുള്ള ലഘുവിവരണം

| ക്രമ നമ്പർ | പദ്ധതി |
|---|---|
| | **എ. സ്വയം തൊഴിൽ പദ്ധതികൾ:- എൻ.എസ്.എഫ്.ഡി.സി.വിഹിതം ഉപയോഗിച്ച് വായ്പാ സഹായം നൽകുന്നവ.** |
| 1. | **കർഷക തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി**<br>21.10.2011-ലെ സ.ഉ.(കൈ) നം.104/11/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം കൃഷിഭൂമി വായ്പാ പദ്ധതിയുടെ പദ്ധതി തുക 1,50 ലക്ഷം രൂപയിൽ നിന്ന് 2.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ 1.50 രൂപ വായ്പയും 50,000/- രൂപ സബ്സിഡിയുമാണ്.പലിശ നിരക്ക് 6% ഉം തിരിച്ചടവ് കാലാവധി 8 വർഷവുമാണ്. |
| 2. | **മൈക്രോക്രെഡിറ്റ് ഫൈനാൻസ് പദ്ധതി**<br>പരാമവധി 30,000/-രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 5% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്. |
| 3. | **3 വീലർ ഓട്ടോ പിക് അപ് വാൻ പദ്ധതി**<br>പരമാവധി പദ്ധതി തുക 1,50,000 രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 4. | **മിനി വെഞ്ച്വർ പദ്ധതികൾ**<br>1ലക്ഷം രൂപ മുതൽ പരമാവധി 2.00 ലക്ഷം രൂപ വരെയാണ്. ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 5 | **മഹിളാ സമൃദ്ധി യോജന പദ്ധതി**<br>പരമാവധി 30,000 രൂപ വരെയാണ് ഈ പദ്ധതിയിൽ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 4% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്. |
| 6. | **മഹിളാ കിസാൻ യോജന പദ്ധതി**<br>പരമാവധി 50,000/- രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 5% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 7. | **ശിൽപ്പി സമൃദ്ധി യോജന**<br>പട്ടകജാതിയിൽപ്പെട്ട കര കൗശല വിദഗ്ദ്ധർ, ശിൽപികൾ എന്നിവർക്ക് അവർ പ്രാവീണ്യം നേടിയ അഥവാ വ്യക്തിമുദ്ര പതിപ്പിച്ച മേഖലയിൽ അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി പരമാവധി 50,000/-രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്. വായ്പയുടെ പലിശ നിരക്ക് 5% ഉം തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |

| | |
|---|---|
| 8. | <u>**വിദ്യാഭ്യാസ വായ്പാ പദ്ധതി**</u><br><br>പട്ടികജാതിയിലെ വളരെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസം ചെയ്യുന്നതിനും MPhil/Ph.D പഠനം നടത്തുന്നതിനും വേണ്ടി പരമാവധി 10.00 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്. വായ്പയുടെ പലിശ നിരക്ക് വിദ്യാർത്ഥികൾക്ക് 4% ഉം വിദ്യാർത്ഥിനികൾക്ക് 3.5% ഉം ആണ്. തിരിച്ചടവ് കാലാവധി 5 വർഷമാണ്. |

( [illegible] )

സെക്ഷൻ ഓഫീസർ